# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*52 03.03.2020- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എം.വിൻസെന്റ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ രക്ഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചുവെന്ന് പ്രഖ്യാപിക്കുമ്പോഴും പ്രസ്തുത മേഖല അതീവ ഗുരുതരമായ സ്ഥിതി വിശേഷം നേരിടുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (എ) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. മാത്രവുമല്ല നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറു ദിവസത്തിനു താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇക്കാരണത്താൽ കൈത്തറി നെയ്ത്ത് തൊഴിലാളികൾ ഈ മേഖലയിൽ നിന്നു കൊഴിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനായി ഈ സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി. ടി പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5760 നെയ്ത്ത് തൊഴിലാളികളും 1513 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടികിടന്നിരുന്ന 15 സംഘങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം |

ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകദേശം 250 ൽ കൂടുതൽ തൊഴിൽദിനങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്.

കൈത്തറി മേഖലയുടെ സമഗ്ര പുരോഗതിയ്ക്കായി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ, ചായം, രാസ വസ്തുക്കൾ എന്നീ അസംസ്കൃതവസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം ലഭ്യമാക്കുന്നതിന് കഴിന്നൂൽ സബ്സിഡിയും, ഡൈസ് ആന്റ് കെമിക്കൽ സബ്സിഡിയും നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകി വരുന്നുണ്ട്. ആയതിനാൽ നിലവിൽ പ്രസ്തുത മേഖല അതീവഗുരുതരമായ സ്ഥിതി വിശേഷം നേരിടുന്നില്ല.

(ബി) കൈത്തറിമേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് ഇരുന്നൂറ് ദിവസമെങ്കിലും ജോലി നൽകുമെന്നും അവരുടെ വേതനം വർദ്ധിപ്പിക്കുമെന്നുമുള്ള പ്രഖ്യാപനം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) ഉണ്ട്. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും, നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽദിനങ്ങൾ എന്നിവ ലഭിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി മൂലം വർഷത്തിൽ ഏകദേശം 250 ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ നെയ്ത്തു തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഗുണനിലവാരം വർദ്ധിപ്പിച്ചാൽ മാത്രമേ കൈത്തറിമേഖലയെ രക്ഷപ്പെടുത്തുവാൻ സാധിക്കുവെന്നതിനാൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കൈത്തറി ഉൽപന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശം മുൻനിർത്തി കൈത്തറി ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിനായി ബ്രാൻഡിംഗ് ഓഫ് വാല്യൂ ആന്റ് ഹാന്റ് ലൂം പ്രോഡക്റ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൈത്തറി ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതു വഴി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ന്യൂനതകൾ ഇല്ലാത്ത ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും സാധിക്കും.

കൈത്തറി മേഖലയിൽ സാങ്കേതികവിദ്യ ഉയർത്തുന്നതിനും നൂതന സാങ്കേതിക വിദ്യകൾ നെയ്ത്തുകാർക്ക് കൈമാറ്റം ചെയ്യുന്നതിനുമായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം വിവിധതരം ഉപകരണങ്ങൾ വാങ്ങി നെയ്ത്തു സംഘങ്ങൾക്ക് നല്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നു.

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിന് പ്രവർത്തനമൂല ധനമായി മാർജിൻ മണി വായ്പ നൽകി വരുന്നു. 2019-20 സാമ്പത്തികവർഷം 200 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃതവസ്തുക്കൾ യാൺ ബാങ്കുകൾ വഴി നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷ(എൻ.എച്ച്.ഡി.സി)നിൽ നിന്നും സബ്സിഡി നിരക്കിൽ ന്യായമായ വിലയ്ക്ക് നൽകിവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൈത്തറി വസ്ത്രങ്ങൾ ഉപഭോക്താക്കൾക്ക് തിരിച്ചറിയുന്നതിനും അതുവഴി വ്യാജകൈത്തറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് 'ഹാന്റ് ലൂം മാർക്ക്' പദ്ധതി. ഹാന്റ്ലൂം മാർക്ക് പതിപ്പിച്ച ഉൽപന്നങ്ങൾക്ക് മാത്രമേ റിബേറ്റ് നൽകി വരുന്നുള്ളൂ. കൂടാതെ 1985 ലെ റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഫോർ പ്രൊഡക്ഷൻ ആക്റ്റ് അനുസരിച്ച് നിയന്ത്രിത തുണിത്തരങ്ങൾ പവർലൂമിൽ നെയ്യുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ പവർലൂം സംഘങ്ങളിലും പരിശോധന നടത്തി നിയന്ത്രിക്കപ്പെട്ട ഉൽപന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും അങ്ങനെ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

| | |
|---|---|
| (ഡി) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനുമായി ഈ സർക്കാർ കൊണ്ടുവന്ന പദ്ധതികൾ വിശദമാക്കുമോ? | (ഡി) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>കണ്ണൂർ ജില്ലയിലെ നാട്ടുകാണിയിൽ ഒരു പരിസ്ഥിതി സൗഹൃദ ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിലേക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി കേരളത്തിൽ നിർമ്മിക്കുന്ന വസ്ത്രങ്ങളുടെ ചായം മുക്കലും പ്രിന്റിംഗും സംസ്ഥാനത്തിനകത്ത് തന്നെ നിറവേറ്റുവാൻ സാധിക്കും.<br><br>ചേന്ദമംഗലം കൈത്തറിമേഖലയിൽ 2.35 കോടി രൂപ മുതൽ മുടക്കിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ സർക്കാർ നടപ്പിലാക്കി വരുന്ന യുവവീവ് പദ്ധതി, വീട്ടിലൊരു തറി പദ്ധതി, ഹാന്റക്സ് മുഖേന നടപ്പിലാക്കി വരുന്ന കൈത്തറി സുരക്ഷാ പദ്ധതി തുടങ്ങിയവ കൈത്തറിമേഖലയിൽ നല്ല പ്രയോജനം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**